(ബി) അവർ നടത്തിയ നിവേദനങ്ങളും ഉൾക്കൊള്ളുന്ന കാര്യങ്ങളും ഗവൺമെൻറ് പരിശോധിച്ചോ;

(സി) എങ്കിൽ അതിനെപ്പറ്റി എന്തു തീരുമാനമെടുത്തു?

ഉത്തരം

(എ) കൃഷിവകുപ്പിലെ അഗ്രിക്കൾച്ചർ അസിസ്റ്റൻറൻമാരുടെ നിയമനത്തിലേക്ക് 1970 ഫെബ്രുവരിമാസം 19–20 എന്നീ തീയതികളിൽ നടത്താൻ നിശ്ചയിച്ചിരുന്ന ഇൻറർവ്യൂ മാറ്റിവച്ചതിലും ഗ്രാമസേവകരിൽ നിന്നും അപേക്ഷകരെ നിയമിക്കുന്നതിലും പ്രതിഷേധിച്ച് കാർഷിക കാളേജ് വിദ്യാർത്ഥികൾ 1970 ഫെബ്രുവരി 18, 19, 20 എന്നീ തീയതികളിൽ പഠിപ്പുമുടക്കുകയും 21–ാംതീയതി സെക്രട്ടേറിയറ്റു നടയിൽ സൂചനാനിരാഹാരസത്യാഗ്രഹം നടത്തുകയും ചെയ്തു.

(ബി) പരിശോധിച്ചു.

(സി) ഇൻറർവ്യൂ മാറ്റിവച്ചത് നടത്തുവാൻ പി. എസ്. സി. യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

STARRED QUESTIONS POSTED FOR ANSWER ON 19-3-1970

ഹരിജനക്ഷേമ പ്രവർത്തനങ്ങൾക്കുള്ള അഡ്വൈസറി കമ്മിറ്റി.

99. [699] ശ്രീ. പി. കെ. രാഘവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്കു ജലസേചനവും കൃഷിയും മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിജനക്ഷേമ പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള സ്റ്റേറ്റ് ജില്ലാ അഡ്വൈസറി കമ്മിറ്റികളും പുനഃസംഘടിപ്പിച്ചുകഴിഞ്ഞുവോ;

(ബി) എങ്കിൽ ഈ കമ്മിറ്റികളും പുനഃസ്സംഘടിപ്പിച്ചതിനു സ്വീകരിച്ച മാനദണ്ഡങ്ങൾ ഏവ;

(സി) ഹരിജൻ വിദ്യാർത്ഥിരംഗത്ത് പ്രവർത്തിച്ചുപോരുന്ന കെ. എച്ച്. എസ്. എഫിൻെറ പ്രതിനിധികളെക്കൂടി സ്റ്റേറ്റ് അഡ്വൈസറി കമ്മിറ്റിയിൽ ഉൾപ്പെടുത്തിക്കൊള്ളണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം കിട്ടിയിരുന്നുവോ;

(ഡി) എങ്കിൽ അതിൻമേൽ എന്തു നടപടി കൈക്കൊണ്ടുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പുനഃസ്സംഘടിപ്പിച്ചുകഴിഞ്ഞു.

(ബി) ബന്ധപ്പെട്ട വികസന വകുപ്പ് ഉദ്യോഗസ്ഥൻമാരെയും ഹരിജനോദ്ധാരണ പ്രവർത്തനങ്ങളിൽ തൽപ്പരരായുള്ള അനുദ്യോഗസ്ഥൻമാരേയും ഉൾപ്പെടുത്തികൊണ്ടാണ് ഈ കമ്മിറ്റികളും പുനഃസ്സംഘടിപ്പിച്ചിട്ടുള്ളത്.

(സി,ഡി) നിവേദനം എന്നാണ് സമർപ്പിച്ചതെന്നു ഏകദേശമായ ഒരു രൂപമെങ്കിലും നൽകാതെ പ്രസ്തുത നിവേദനം കിട്ടിയിട്ടുണ്ടോ എന്ന് പറയുന്നതിന് നിർവാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly